പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 701 | 10.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ലബോറട്ടറി സൗകര്യങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, സി.മമ്മൂട്ടി<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, എൻ .എ.നെല്ലിക്കുന്ന്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ ആശുപത്രികളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ/ താലൂക്ക് /ജനറൽ ആശുപത്രികളിലും ലബോറട്ടറി സൗകര്യം ലഭ്യമാണ്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സൗകര്യം ഒരുക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) | സ്വകാര്യ ലബോറട്ടറികളിൽ ഏകീകൃത നിരക്കില്ലാത്തതും അവയിൽ യോഗ്യരായ പരിശോധകരില്ലാത്തതും അവയുടെ പ്രവർത്തനത്തിന് മാനദണ്ഡങ്ങളില്ലാത്തതും,രോഗ നിർണ്ണയത്തിലുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങളെക്കുറിച്ച് ധാരാളം പരാതികൾ നിലനിൽക്കുന്നതുമായ സാഹചര്യത്തിൽ പരിഹാര നടപടികൾ വിശദമാക്കുമോ ; | ബി) | സ്വകാര്യ ആശുപത്രികളുടേയും ലബോറട്ടറികളുടേയും നിയന്ത്രണം രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013 ലെ കരട് ബിൽ നം. 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| സി) | എല്ലാ സർക്കാർ ആശുപത്രികളിലും കുറഞ്ഞ ചെലവിൽ കാര്യക്ഷമതയുള്ള ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | നിലവിൽ ലബോറട്ടറി സൗകര്യം ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സൗജന്യ നിരക്കിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ദേശീയ ആരോഗ്യ ദൗത്യം മുഖേന സ്വീകരിച്ചുപോരുന്നു. |

സെക്ഷൻ ഓഫീസർ